Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.keralaaids.com

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: sacs_kerala@nacoindia.org

**07.05.2009**

# എസ്എസ്എൽസി ഫലം;
# സൗജന്യ എസ്എംഎസിന് അഭൂതപൂർവമായ സ്വീകരണം

**തിരുവനന്തപുരം:** എസ്എസ്എൽസി ഫലം സൗജന്യ എസ്എംഎസിലൂടെ അറിയാൻ ഒരുക്കിയ സംവിധാനത്തിന് അഭൂതപൂർവമായ സ്വീകരണം. കേരള സംസ്ഥാന എയ്ഡസ് നിയന്ത്രണ സൊസൈറ്റിയും വിദ്യാഭ്യാസ വകുപ്പും ഐ.ടി അറ്റ് സ്കൂളും ചേർന്ന് ഒരുക്കിയ സംവിധാനത്തിലൂടെ ഇന്നലെ വൈകിട്ട് അഞ്ചു വരെ 27644 പേരാണ് രജിസ്റ്റർ ചെയ്തത്. വെബ് സൈറ്റിലൂടെ 1132 പേരും രജിസ്റ്റർ ചെയ്തു.

എസ്എസ്എൽഎസി ഫലം അറിയാൻ 9496500100 എന്ന നമ്പരിലേക്ക് രജിസ്റ്റർ നമ്പർ ടൈപ്പ് ചെയ്ത് എസ്എംഎസ് അയച്ചാൽ ഔദ്യോഗിക ഫല പ്രഖ്യാപനം കഴിഞ്ഞാലുടൻ തന്നെ അവരവരുടെ മൊബെൽ നമ്പരിൽ വിശദമായ ഫലം ലഭ്യമായി തുടങ്ങും. ഇതിന് സാധാരണ എസ്എംഎസ് ചാർജ് മാത്രമാണ് ചെലവാകുക. സ്വകാര്യ മൊബൈൽ കമ്പനികൾ മൂന്ന് മുതൽ ആറു രൂപ വരെ എസ്എംഎസ് ഫലത്തിന് ഈടാക്കുമ്പോഴാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഈ സേവനം. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വെബ്സൈറ്റായ www.ksacs.inൽ കൂടിയും വിദ്യാർഥികൾക്ക് നമ്പർ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**